# അദ്ധ്യായം - 29



1). മദ്രാസി ഭജനിമേള. 2). തെണ്ടുൽക്കാർ (അച്ഛനും മകനും). 3). ഡോക്ടർ കേപ്ടൻ ഹതെ. 4). വാമൻനാർവേകർ.

ഈ അദ്ധ്യായം സായിബാബയുടെ മറ്റു രസകരവും വിസ്മയാവഹവുമായ കഥകളെ പറ്റി പ്രതിപാദിക്കുന്നു.

## 1) മദ്രാസി ഭജനി സംഘം

1916 -ൽ രാമദാസി പാന്ഥാവിൽപ്പെട്ട ഒരു മദ്രാസി ഭജനിസംഘം കാശിയിലേക്ക് ഒരു തീർത്ഥാടനത്തിനായി പുറപ്പെട്ടു. സംഘത്തിൽ ഒരാളും അയാളുടെ ഭാര്യയും മകളും ഭാര്യയുടെ സഹോദരിയുമാണുണ്ടായിരുന്നത്. അവരുടെ പേർ നിർഭാഗ്യവശാൽ പറഞ്ഞിട്ടില്ല. പോകും വഴിക്ക് അവർ അഹമ്മദ് നഗർ ഡിസ്ട്രിക്ടിലെ കോപ്പർഗാവോൺ താലൂക്കിൽപ്പെട്ട ഷിർദ്ദിയിൽ ശാന്തനും ഗംഭീരനുമായി സായിബാബ എന്നു പേരായ ഒരു സിദ്ധനുണ്ടെന്നും ബാബ വളരെ ദയാലുവും ഭക്തന്മാർക്കും വൈദഗ്ദ്ധ്യമുള്ളവർക്കും പണം ധാരാളം കൊടുക്കുന്ന ആളാണെന്നും അറിഞ്ഞു വശായി. എല്ലാ

ദിവസവും ദക്ഷിണയായി വലിയ തുക സായിബാബ സ്വീകരിച്ചിരുന്നതിൽ നിന്ന് ദിവസവും ബാബ ഭക്ത കൊണ്ടോജിയുടെ മൂന്നു വയസ്സായ മകൾ അമാമിക്ക് ഒരുറുപ്പികയും, വെറേ ചിലർക്ക് 2 മുതൽ 5 ഉറുപ്പികയും, അമാനിയുടെ അമ്മ ജാമാലിക്ക് 6 കയും 10ഉം, 20ഉം, 50ഉം ഉറുപ്പികത്തോതിൽ മറ്റു ഭക്തനമാർക്കും വീതിച്ചുകൊടുത്തിരുന്നു. ഇതെല്ലാം കേട്ട് മദ്രാസി ഭജനസംഘം ഷിർദ്ദിയിൽ വന്നു താമസിച്ചു. സംഘം നല്ല ഭജനയും പാട്ടുകളും പാടി. അവർ ഉള്ളിൽ പണത്തിന് വേണ്ടി ആശിക്കുകയായിരുന്നു. സംഘത്തിൽ മൂന്നുപേർ അത്യാർത്തിക്കാരായിരുന്നു. പക്ഷെ അതിൽ സ്ത്രീകളിലെ പ്രധാനി അത്തരക്കാരിയായിരുന്നില്ല. അവർ ബാബയെ സ്നേഹബഹുമാനങ്ങളോടെ വീക്ഷിച്ചു. ഒരിക്കൽ മദ്ധ്യാഹ്ന ആരതി നടക്കുമ്പോൾ അവരുടെ ഭക്തികണ്ട് സന്തോഷിച്ച് സായിബാബ അവർക്ക് അവരുടെ ഇഷ്ടദേവതയുടെ ദർശനം കൊടുത്തു. അവർക്ക് ബാബ, സീതാനാഥനായിട്ടാണ് കാണപ്പെട്ടത്. മറ്റുള്ളവർക്ക് സാധാരണപോലെ ബാബയും. അവർ ആനന്ദാശ്രുക്കൾ തൂകി സന്തോഷാധിക്യം കൊണ്ട് കൈയടിക്കാൻ തുടങ്ങി. ജനങ്ങൾ അവരുടെ ആനന്ദം കണ്ട് വിസ്മയിച്ചെങ്കിലും അതിന്റെ കാരണം മനസ്സിലാക്കിയില്ല. പിന്നീട് വൈകുന്നേരം അവർ എല്ലാ കാര്യവും ഭർത്താവിനോട് പറഞ്ഞുകൊടുത്തു. അവർ സായിബാബയിൽ ശ്രീരാമനെ ദർശിച്ച വിവരവും പറഞ്ഞുകൊടുത്തു. അയാൾ കരുതിയത് ശുദ്ധഹൃദയമായതുകൊണ്ട് മനസ്സിന്റെ വിഭ്രാന്തിയാൽ ശ്രീരാമനെ ദർശിച്ചതായിക്കരുതിയിരിക്കുമെന്നാണ്. അയാൾ അവർ മാത്രം ശ്രീരാമനെക്കാണുന്നതെങ്ങിനെ എന്ന് പറഞ്ഞു അത് വളരെ നിസ്സാരമാക്കി തള്ളി. പക്ഷെ അവർ അത് വകവെക്കാതെ

മനഃശാന്തി കിട്ടുമ്പോഴെല്ലാം രാമദർശനം അനുഭവിച്ചുകൊണ്ടിരുന്നു.

## വിസ്മയാവഹമായ ദർശനം

സ്ഥിതിഗതികൾ മേൽപ്രകാരമായിരിക്കെ ഭർത്താവിന് സ്വപ്നത്തിൽ വിസ്മയാവഹമായ ഒരു ദർശനം കിട്ടി. അത് ഇപ്രകാരമായിരുന്നു. അയാൾ ഒരു വലിയ പട്ടണത്തിലാണ്. പോലീസ് അയാളെ അറസ്റ്റ് ചെയ്ത് കയ്യുകൾ കൂട്ടിക്കെട്ടി ലോക്കപ്പിലിട്ടിരിക്കുകയാണ്. പോലീസ് കൈ മുറുകെ പിടിക്കുമ്പോൽ അയാൾ സായിബാബയെ ശാന്തസ്വരൂപനായി ലോക്കപ്പിന് പുറത്ത് നില്ക്കുന്നതായി കണ്ടു. സായിബാബയെ അടുത്തുകണ്ടപ്പോൾ ദീനദീനം പറഞ്ഞു. അവിടുത്തെ പ്രശസ്തി കേട്ടാണ് ഞാനിവിടെ വന്നത്. പിന്നെ അവിടുന്ന് നേരിട്ടു മുന്നിൽ നില്ക്കെ എനിക്കെങ്ങിനെയാണ് ഇത്തരം ആപത്ത് സംഭവിച്ചത്? ബാബ അതിനു മറുപടിയായി നീ നിന്റെ കർമ്മഫലം അനുഭവിച്ചേ തീരു. എന്നു പറഞ്ഞപ്പോൾ അയാൾ 'ഞാനീ ജന്മം ഇത്തരത്തിലൊരു നിർഭാഗ്യം സംഭവിക്കാത്തതായി യാതൊന്നും ചെയ്തിട്ടില്ല'. എന്ന് വീണ്ടും പറഞ്ഞു. അതിന് ബാബ 'ഈ ജന്മത്തിലല്ലെങ്കിൽ മുൻജന്മങ്ങളിൽ നീ എന്തെങ്കിലും ഒരു പാപം ചെയ്തിരിക്കും' എന്നായി. അയാളിതിന്ന് എനിക്ക് മുജ്ജന്മത്തെപ്പറ്റി ഒന്നും അറിയില്ല. ഇനി അഥവാ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ തന്നെ ഉണക്കപ്പുല്ല് അഗ്നിക്കു മുന്നിലെന്നപോലെ അവിടുത്തെ മുന്നിൽ അത് കത്തിച്ചാമ്പലാവണ്ടെ? എന്നു ചോദിച്ചു. ബാബ അയാളോട് നിനക്ക് അത്രമാത്രം വിശ്വാസമുണ്ടോ? അയാൾ 'ഉണ്ട്' ബാബ അയാളോട് കണ്ണടക്കാൻ പറഞ്ഞു. കണ്ണടച്ച ഉടനെ എന്തോ വീഴുന്ന ശബ്ദം കേട്ട് കണ്ണു തുറന്നു നോക്കിയപ്പോൾ ബാബ

ഇപ്പോൾ നിന്നെ നല്ലപോലെ കുടുക്കി ആഫീസർമാർ ഉടനെ നിന്നെവന്ന് അറസ്റ്റ് ചെയ്യും. എന്നാണ് പറഞ്ഞത്. അയാൾ അപേക്ഷിച്ചു. 'അവിടുന്നല്ലാതെ രക്ഷയില്ല. എന്നെ എങ്ങിനെയെങ്കിലും രക്ഷിച്ചാലും' ബാബ വീണ്ടും കണ്ണടയ്ക്കാൻ പറഞ്ഞു. അയാൾ കണ്ണടച്ച് തുറന്നു നോക്കിയപ്പോൾ അയാൾ ലോകപ്പിന്നു പുറത്തുവന്ന് സ്വതന്ത്രനായും ബാബ അരികത്ത് നില്കുന്നതായു കണ്ടു. അയാൾ ഉടനെ ബാബയുടെ പാദങ്ങളിൽ വീണു. ബാബ അയാളോട് ചോദിച്ചു. 'ഈ നമസ്കാരവും മുമ്പ് ചെയ്ത നമസ്ക്കാരങ്ങളും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ ? നല്ലവണ്ണം ആലോചിച്ച് മറുപടിപറയണം' അയാൾ പറഞ്ഞു: 'അവ തമ്മിൽ വലിയ അന്തരമുണ്ട്. എന്റെ മുമ്പത്തെ നമസ്കാരങ്ങളെല്ലാം അവിടുത്തോട് പണം കിട്ടാൻ വേണ്ടി ചെയ്തവയായിരുന്നു. പക്ഷെ ഇപ്പോഴത്തെ നമസ്കാരം അവിടുത്തെ ദൈവമായി കരുതിയിട്ടുള്ളതാണ്. കൂടാതെ അവിടുന്ന് ഒരു മുഹമ്മദീയനാണെന്നും ഞങ്ങൾ ഹിന്ദുക്കളെ കേടുവരുത്തകയുമാണെന്നുമുള്ള വെറുപ്പും മുമ്പ് എനിക്കുണ്ടായിരുന്നു. ബാബ ചോദിച്ചു 'നീ മുഹമ്മദെൻ ദൈവത്തിൽ വിശ്വസിക്കുന്നില്ലെ?'. അയാൾ 'ഇല്ല' എന്നു മറുപടി നല്കി. ഉടനെ ബാബ ചോദിച്ചു 'നിന്റെ വീട്ടിൽ ഒരു കൈയിന്റെ ചിഹ്നം ഇല്ലെ' അത് നിങ്ങൾ മുഹറം കാലങ്ങളിൽ ആരാധിക്കാറില്ലെ? കൂടാതെ നിന്റെ വീട്ടിൽ കാദ്ബീബി എന്ന ഒരു മുഹമ്മദൻ ദൈവമുള്ളതിനെ നിങ്ങൾ വിവാഹ അവസരങ്ങളിലും മറ്റ് ആഘോഷദിവസങ്ങളിലും പ്രീതിപ്പെടുത്താറില്ലെ. അത് ശരിയല്ലെ ? അയാളതെല്ലാം സമ്മതിച്ചു. അപ്പോൾ ബാബ ചോദിച്ചു. 'ഇനി എന്തു വേണം നിനക്ക്' അപ്പോൾ അയാൾക്ക് ഗുരുരാമദാസിനെ കാണണെന്ന് തോന്നി. ബാബ പിന്നോട്ട് നോക്കാൻ പറഞ്ഞു. തിരിഞ്ഞു

നോക്കിയപ്പോൾ രാമദാസ് മുന്നിൽ നില്കുന്നു. അയാൾ കാല്ക്കൽ വീഴാൻ നോക്കുമ്പോഴെക്കും രാമദാസ് മറഞ്ഞു. അപ്പോൾ ജിജ്ഞാസുവായി അയാൾ ബാബയോട്ചോദിച്ചു 'അവിടുന്ന് വൃദ്ധനായികാണപ്പെടുന്നു അവിടുത്തേക്ക് എത്ര വയസ്സായെന്നറിയാമോ?' ബാബ ചോദിച്ചു 'എന്ത് ഞാൻ വയസ്സനെന്നോ എന്റെ കൂടെ ഒന്ന് ഓടിനോക്ക് കാണാം' ഇതും പറഞ്ഞ് ബാബ ഓടാൻ തുടങ്ങി. അയാളും ഓടി. ബാബ വിദൂരതയിൽ ഓടിമറഞ്ഞു അയാൾ പിന്നെയും ഓടുകയാണ്. അപ്പോഴേക്കും അയാൾ ഉണർന്നു. ഉണർന്നുകഴിഞ്ഞപ്പോൾ അയാൾ സ്വപ്നദർശനത്തെപ്പറ്റി അവഗാഢമായി ചിന്തിച്ചു. അയാളുടെ മനസ്ഥിതി ആകെ മാറി. ബാബയുടെ മഹത്വം മനസ്സിലായി തുടങ്ങി. അതിൽ പിന്നെ ദുരാഗ്രഹവും മറ്റും മാറി. ബാബയോട് യഥാർത്ഥഭക്തിയുണ്ടാവാൻ തുടങ്ങി. ഈ ദർശനം വെറു സ്വപ്നമായിരുന്നെങ്കിലും ചോദ്യോത്തരങ്ങൾ മർമ്മപ്രധാനങ്ങളും രസകരങ്ങളുമായിരുന്നു. പിറ്റേന്ന് പുലർച്ചെ എല്ലാവരും ആരതിക്ക് മസ്ജിദ്ദിൽ വന്നപ്പോൾ ബാബ അയാൾക്ക് രണ്ടുറപ്പികയും കൊടുത്ത് അയാളെ അനുഗ്രഹിച്ചു. കുറച്ചു ദിവസവും കൂടി ബാബ അവിടെ അവരെ നിർത്തി പിന്നീട് 'അള്ളാ നിങ്ങളെ സുഭിക്ഷമാക്കും നിങ്ങൾക്ക് നന്മ വരുത്തും' എന്നനുഗ്രഹിച്ചു. അയാൾക്ക് കൂടുതൽ പണം കിട്ടിയില്ലെങ്കിലും അതിലും എത്രയോ വലുതും പ്രയോജനകരവുമായ ബാബയുടെ അനുഗ്രഹം വേണ്ടുവോളം കിട്ടി. സംഘത്തിന് പിന്നീട് വേണ്ട പണം കിട്ടുകയും തീർത്ഥയാത്ര യാതൊരു വിഷമവും കൂടാതെ പൂർത്തി യാക്കുകയും ചെയ്തു. ബാബയെ സ്മരിച്ചും വാഴ്ത്തിയും അവർ സുരക്ഷിതരായി വീട്ടിൽ മടങ്ങിയെത്തി. അവർക്ക് ലഭിച്ച ആനന്ദം അവർ എന്നും ഓർമ്മിച്ചു.

ഈ കഥ ബാബയുടെ പല സമ്പ്രദായങ്ങളിൽ ഒന്നായ ഭക്തന്മാരെ നന്നാക്കുവാനുള്ള പ്രത്യേക വിധത്തെയാണ് ഉദാഹരിക്കുന്നത്.

## 2) തെണ്ടുൽക്കാർ കുടുംബം

ബോംബെക്കടുത്ത ബന്ദ്രയിൽ ഒരു തെണ്ടുൽക്കാർ കുടുംബം താമസിച്ചിരുന്നു. എല്ലാ അംഗങ്ങളും ബാബാ ഭക്തരായിരുന്നു. മിസ്സിസ്സ് സാവിത്രി തെണ്ടുക്കൽക്കർ 'ശ്രീ സായിനാഥ് ഭജനമാല' എന്ന പേരിൽ മറാത്തിയിൽ സായിബാബയുടെ ലീലകളെ പ്രകീർത്തിച്ച് ഒരു പുസ്തകം തന്നെ രചിച്ചിട്ടുണ്ട്. ബാബയിൽ താത്പര്യമുള്ളവർക്ക് വായിക്കാൻ പറ്റിയ പുസ്തകമാണ്. മകൻ ബാബ തെണ്ടുൽക്കർ മെഡിക്കൽ പരീക്ഷയ്ക്ക് വേണ്ടി രാപ്പകൽ പഠിക്കുകയായിരുന്നു. ജാതകം നോക്കിയപ്പോൾ ഗ്രഹപ്പിഴയാണെന്നും അക്കൊല്ലം പരീക്ഷക്കു പോകരുതെന്നും അടുത്ത കൊല്ലംപാസ്സാവുമെന്നും കണ്ടു. ഇതുകാരണം അയാൾ നിരാശനായി, മനശ്ശാന്തിയില്ലാതായി. കുറച്ചുദിവസങ്ങൾക്കുശേഷം അയാളുടെ അമ്മ ഷിർദ്ദിയിൽ പോയി ബാബയെ ദർശിച്ചു. കൂടെ മകന്റെ പരീക്ഷാ വിവരവും നിരാശയും എല്ലാം അവർ ബാബയോട് പറഞ്ഞു. ബാബ ഇതുകേട്ട് പറഞ്ഞു. 'എന്നെ വിശ്വാസിക്കാനും, ജാതകവും ജ്യോത്സ്യവും കൈനോട്ടവുമെല്ലാം ദൂരെ എറിയാനും പരീക്ഷക്ക് നല്ലവണ്ണം പഠിക്കാനും മകനോട് പറയൂ' അമ്മ വീട്ടിൽ വന്നു ബാബയുടെ സന്ദേശം മകനെ അറിയിച്ചു. അയാൾ നല്ലതുപോലെ പഠിച്ച് പരീക്ഷക്കിരുന്നു. എഴുത്തു പരീക്ഷയിൽ നന്നായി ചെയ്തു. പക്ഷെ ആശങ്കകൊണ്ട് ജയിക്കാൻ മാർക്ക് കിട്ടില്ലെന്നയാൾ ഭയപ്പെട്ടു. നേരിട്ടുത്തരം പറയേണ്ടുന്ന പരീക്ഷക്ക് ഹാജരാവുന്നില്ലെന്നു വച്ചു. പരീക്ഷകൻ അയാളെ

വിട്ടില്ല. അയാളുടെ ഒരു സതീർത്ഥ്യനെ അയച്ച് അയാൾ എഴുത്ത് പരീക്ഷയിൽ ജയിച്ചുവെന്നും, പരീക്ഷക്ക് ഹാജരാവണമെന്നും അറിയിച്ചു. മകൻ അങ്ങിനെ പ്രോത്സാഹിതനായി നേരിട്ടുത്തരം പറയുന്ന പരീക്ഷക്കും ഹാജരായി, രണ്ടിലും ജയിച്ചു. അങ്ങിനെ ബാബയുടെ അനുഗ്രഹംകൊണ്ട് ഗ്രഹപ്പിഴ അനുഭവിക്കാതെ അയാൾ വിജയിച്ചു. ഇതിലെന്താണ് മനസ്സിലാക്കാനുള്ള തെന്നാൽ സന്ദേഹങ്ങളും വിഷമങ്ങളും നമ്മെ വലയം ചെയ്യുന്നത് നമ്മെ ഇളക്കി ഉറച്ച വിശ്വാസം ഉണ്ടാക്കാ നാണെന്നാണ്. നാം അങ്ങിനെ മുന്നോട്ടു പോയാൽ നമ്മുടെ അദ്ധ്വാനം വിജയത്തിൽ അവസാനിക്കുമെന്നതിന് സംശയിക്കാനില്ല.

ഈ കുട്ടിയുടെ അച്ഛൻ രഘുനാഥ്റായ്, ബോംബെയിലെ ഒരു വിദേശവാണിജ്യ സ്ഥാപനത്തിൽ ജോലിക്കാരനായിരുന്നു. അയാൾക്ക് വയസ്സായതിനാൽ പണിയെടുക്കാൻ കഴിയാതെ ലീവെടുത്ത് വിശ്രമിക്കയായിരുന്നു. ദേഹം നന്നാവാത്ത തിനാൽ ലീവു നീട്ടുകയോ പിരിയുകയോ രണ്ടാലൊന്നു വേണമെന്ന നിലയിലായി. അയാൾ ഒരു വിശ്വസ്ത ജീവനക്കാരനായതിനാൽ ചീഫ് മാനേജർ അയാളെ ജോലിയിൽനിന്ന് പിരിക്കാനും പെൻഷൻ അനുവദിക്കാനും തീരുമാനിച്ചു. എത്രയാണ് പെൻഷൻ സംഖ്യ നിശ്ചയി ക്കേണ്ടതെന്ന് പരിഗണനയി ലായിരുന്നു.

അയാൾക്ക് 150ക. ശമ്പളമായിരുന്നു. അതിൽ പാതി 75ക കൊണ്ട് കുടുംബം പുലർത്താൻ സാദ്ധ്യമല്ല. അതുകൊണ്ട് എല്ലാവരും ഇക്കാര്യത്തിൽ വ്യാകുലപ്പെട്ടു. അവസാന തീരുമാനത്തിന്റെ പതിനഞ്ച് ദിവസങ്ങൾക്ക് മുമ്പ് ബാബ അയാളുടെ ഭാര്യക്ക് സ്വപ്നത്തിൽ ദർശനം കൊടുത്തു '100 ക പെൻഷൻ നിശ്ചയിക്കുമെന്ന് ഞാനാശിക്കുന്നു. അതുകൊണ്ട്

നിങ്ങൾ തൃപ്തരാണോ'? എന്നു ചോദിച്ചു. അവർ അതിന്ന് 'ബാബ എന്നോടെന്തിനാണിത് ചോദിക്കുന്നത്. ഞങ്ങൾ അങ്ങയെ പരിപൂർണ്ണമായി വിശ്വസിക്കുന്നു'എന്ന് മറുപടിയും പറഞ്ഞു. ബാബ 100ക. എന്നു പറഞ്ഞെങ്കിലും പ്രത്യേക പരിഗണനയിൽ അയാൾക്ക് 110ക. പെൻഷൻ നിശ്ചയിച്ചു. ബാബ, ഭക്തന്മാരുടെ കാര്യത്തിൽ അത്രമാത്രം സ്നേഹവും ഔത്സുക്യവും കാണിച്ചിരുന്നു.

## 3) കേപ്ടൻ ഹതേ

ബിക്കാനീറിൽ താമസിച്ചിരുന്ന കേപ്ടൻ ഹതെ ബാബയുടെ വലിയ ഭക്തനായിരുന്നു. ഒരിക്കൽ ബാബ അയാളെ സ്വപ്നത്തിൽ സന്ദർശിച്ചു ചോദിച്ചു 'നീയെന്ന മറന്നുവോ?' ബാബയുടെ പാദങ്ങൾ പിടിച്ച് ഹതെ മറുപടി പറഞ്ഞു. 'കുട്ടി അമ്മയെ മറന്നാൽ അതെങ്ങനെ രക്ഷപ്പെടും?' അയാൾ ഉടനെ തോട്ടത്തിൽപോയി പച്ചക്കറി കൊണ്ടുവന്ന് നെയ്യ്, പരിപ്പ്, മാവ്, എല്ലാം ചേർത്ത് ദക്ഷിണയുമായി വരാനൊരുങ്ങുമ്പോൾ പെട്ടെന്ന് ഉണർന്ന് ഇതെല്ലാം സ്വപ്നാമായിരുന്നു എന്ന് മനസ്സിലാക്കി. അപ്പോൾ അയാൾ ഗ്വാളിയോറിൽ വന്ന് ഒരു സുഹൃത്തിന് 12ക. മണിയോർഡർ അയച്ചുകൊടുക്കയും അതിൽ നിന്ന് 2ക.ക്ക് പച്ചക്കറി, പരിപ്പ്, നെയ്യ്, മാവ് മുതലായവ വാങ്ങി ബാബക്ക് കൊടുക്കാനും ബാക്കി 10 ക. ദക്ഷിണ കൊടുപ്പാനും നിർദ്ദേശിച്ചു. സുഹൃത്ത് ഷിർദ്ദിയിൽപോയി. പക്ഷെ നിർദ്ദേശിച്ച പച്ചക്കറി കിട്ടിയില്ല. ഒരു നിമിഷത്തിനകം ഒരു സ്ത്രീ ഒരു കൊട്ട അതേ പച്ചക്കറിയുമായി വരുന്നതുകണ്ടു. അത് വാങ്ങി നിർദ്ദേശിച്ചപോലെ ബാബക്ക് കൊടുക്കയും ചെയ്തു. മിസ്റ്റർ നിമോൻകർ, നൈവേദ്യം തയ്യാറാക്കി ബാബക്ക് കൊടുത്തു.

ബാബ പച്ചക്കറി മാത്രം കഴിക്കുന്നതും മറ്റൊന്നും തൊടാത്തതും എല്ലാവരെയും അതിശയിപ്പിച്ചു. തന്റെ സുഹൃത്തിൽ നിന്ന് ഈ വിവരം അറിഞ്ഞ ഹതേയുടെ സന്തോഷത്തിന് അതിരില്ലാ യിരുന്നു.

## പരിപാവനമാക്കിയ ഉറുപ്പിക

മറ്റൊരവസരത്തിൽ ബാബ സ്പർശിച്ച പരിപൂതമാക്കിയ ഒരു ഉറുപ്പിക തന്റെ വീട്ടിൽ വേണമെന്ന് കേപ്ടൻ ഹതെക്ക് ആഗ്രഹം ജനിച്ചു. അയാൾ ഷിർദ്ദിയിലേക്കു പോകുന്ന ഒരു സുഹൃത്തിനെ കണ്ടു അയാൾ വശം ഹതെ ഉറുപ്പിക നാണ്യം അയച്ചു. അയാൾ ഷിർദ്ദിയിൽ പോയി ബാബയെ നമസ്കരിച്ച് ദക്ഷിണ കൊടുക്കുകയും ബാബ അത് പോക്കറ്റിലിടുകയും ചെയ്തു. പിന്നെ ഹതേയുടെ നാണ്യം കയ്യിൽ കൊടുത്തപ്പോൾ ബാബ അത് നല്ലപോലെ നോക്കാൻ തുടങ്ങി. അത് മുന്നിൽ പിടിച്ച് വലംകയ്യിന്റെ പെരുവിരൽകൊണ്ട് ചെത്തംനോക്കി മേലോട്ടെറിഞ്ഞും മറ്റും കളിക്കാൻ തുടങ്ങി. പിന്നീട് ബാബ ഹതെയുടെ സുഹൃത്തിനോട് പറഞ്ഞു. 'ഇത് ഇതിന്റെ ഉടമക്ക് ഉധിപ്രസാദത്തോടുകൂടി തിരിച്ചുകൊടുക്കണം. എനിക്കയാളിൽ നിന്ന് ഒന്നും വേണ്ടെന്ന് പറയണം." അയാളോട് സമാധാനമായും സംതൃപ്തമായും ജീവിക്കാൻ പറയണം. സുഹൃത്ത് ഗ്വാളിയോറിലേക്ക് മടങ്ങിവന്ന് പരിപാവനമാക്കിയ നാണ്യം ഹതെക്ക് തിരിച്ചുകൊടുത്ത് ഉണ്ടായ സംഭവങ്ങളെല്ലാം പറഞ്ഞു. ഹതെ സന്തുഷ്ടനാവുകയും നല്ല ആഗ്രഹങ്ങൾ ബാബ എപ്പോഴും പ്രോത്സാഹിപ്പിക്കും എന്നയാൾക്ക് ബോദ്ധ്യ പ്പെടുകയും ചെയ്തു.

## 4) വാമൻ നാർവേക്കർ

ഇനി വായനക്കാർ ഒരു വ്യത്യസ്തമായ കഥ കേൾക്കുവിൻ.

വാമൻ നാർവേക്കർ എന്നു പേരായ ഒരാൾ ബാബയെ വളരെ സ്നേഹിച്ചു. ആയാൾ ഒരിക്കൽ ഒരു ഉറുപ്പിക നാണ്യം കൊണ്ടുവന്നു. അതിന്റെ ഒരു ഭാഗത്തു രാമലക്ഷ്മണന്മാരും സീതയും മറുഭാഗത്ത് കൈകൂപ്പി നിൽക്കുന്ന മാരുതിയുമായിരുന്നു രൂപങ്ങൾ ഉണ്ടായിരുന്നത്. അത് സ്പർശിച്ച് പരിപാവനമാക്കി ഉധിയോടുകൂടി തിരിച്ചുകിട്ടാനായി അയാൾ ബാബയുടെ കയ്യിൽ കൊടുത്തു. ബാബ അത് പോക്കറ്റിലിട്ടു. ശാമ, വാമൻറാവുവിന്റെ ആവശ്യം ഓർമ്മിപ്പിച്ച് മടക്കിക്കൊടുപ്പാൻ ആവശ്യപ്പെട്ടു. അപ്പോൾ ബാബ, വാമൻ റാവു കേൾക്കെ പറഞ്ഞു. 'എന്തിനാണിതയാൾക്ക് മടക്കിക്കൊടുക്കുന്നത്?' ഇത് നമുക്ക് തന്നെ സൂക്ഷിക്കാം. അയാൾ 25ക അതിന്നുപകരം തന്നാൽ മടക്കിക്കൊടുക്കാം'. ആ നാണ്യത്തിനുവേണ്ടി വാമൻ റാവു 25ക ബാബയുടെ മുന്നിൽവെച്ചു. അപ്പോൾ ബാബ 'ആ നാണ്യത്തിന്റെ വില 25കയിലും എത്രയോ കൂടുതലാണ്. ശാമ ഈ നാണ്യം എടുത്ത് സൂക്ഷിച്ചോളു. ഇത് നിന്റെ പൂജാമുറിയിൽവെച്ച് ആരാധിച്ചോലൂ' എന്ന് പറഞ്ഞ് നാണ്യം ശാമക്ക് കൊടുത്തു. ആർക്കും ബാബ എന്താണങ്ങനെ ചെയ്തതെന്നു ചോദിക്കാൻ ധൈര്യംവന്നില്ല. അദ്ദേഹത്തിന് മാത്രമെ, ഓരോർത്തർക്കും നല്ലതും യോജിച്ചതുമെന്തെന്ന് അറിയാൻ കഴിയൂ.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!